ശ്രീമതി കെ. ആർ. ഗൗരി : ഓപ്പൺ മാക്കറിൽ അരിയുടെ ലൈസൻസ് കൊടുക്കുന്ന കാര്യത്തെ പറ്റിയാണ് ബഹുമാനപ്പെട്ട അഹമ്മദ് ചോദിച്ചത്. അങ്ങിനെയാണ് ഉത്തരം പറഞ്ഞത്.

ശ്രീ. കെ. എം. മാണി : സർ, പുതുതായി ലൈസൻസ് എടുത്തവരിൽ കൃത്രിമം കാണിച്ചതിന്റെ പേരിൽ ഏതെങ്കിലും ലൈസൻസ് സസ്പെൻഡ് ചെയ്യുകയും പിന്നീട് തിരിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ടോ എന്നുള്ള ചോദ്യം കോഴിക്കോട് ജില്ലയെമാത്രം സ്പർശിക്കുന്ന കാര്യമാണ്. അതിനു വിവരം ശേഖരിച്ചു വരുന്നു എന്നൊക്കെ അസൗകര്യമായ രീതിയിൽ മറുപടി പറയുന്നതു ശരിയാണോ?

മി. സ്പീക്കർ : വിവരം ശേഖരിച്ചു വരുന്നു എന്നു ഉത്തരം പറയുന്നതു അസൗകര്യമല്ല. That is an inference.

ശ്രീ. കെ. എം. ജോർജ് : ഇതു പുതുതായി കൊടുത്ത ലൈസൻസിനെ സംബന്ധിച്ചാണ് ചോദ്യം. അതു അറിയാൻ ഇത്ര വിഷമമൊന്നുമില്ല. Naturally it speaks for itself.

Written Answers

വ്യവസായ വായ്പ

* 41. [100] ശ്രീ. എ. എസ്. എൻ. നമ്പീശൻ

,, ശ്രീ. വി. വി. ദക്ഷിണമൂർത്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര വ്യവസായ സ്ഥാപനങ്ങൾക്ക് ബാങ്കുകളിൽനിന്നും വായ്പയെടുക്കാൻ ഗ്യാരൻറി നൽകുകയുണ്ടായി.

(ബി) കോട്ടയം ഇലക്ട്രോ കെമിക്കൽസിനു അപ്രകാരം ഗ്യാരൻറി കൊടുത്തിട്ടുണ്ടോ ;

(സി) പ്രസ്തുത സ്ഥാപനത്തിന്റെ സാമ്പത്തികവും വ്യാവസായികവും ആയ നില അപകടത്തിലാണെന്നു വ്യവസായവകുപ്പ് സെക്രട്ടറിയും ധനകാര്യ വകുപ്പ് സെക്രട്ടറിയും റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ?

വ്യവസായ മന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) ഈ ഗവണ്മെന്റ് ഗ്യാരൻറി നൽകിയിട്ടുള്ള വ്യവസായ സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു †

(ബി) ഉണ്ട്.

(സി) ഇല്ല.

കൈത്തറി ഉൽപ്പന്നങ്ങൾ സ്റ്റാൻറർഡൈസ് ചെയ്യുന്ന സ്ഥാപനങ്ങൾ

* 42. [103] ശ്രീ എം. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ മന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈത്തറി ഉൽപ്പന്നങ്ങൾ സ്റ്റാൻറർഡൈസ് ചെയ്യുന്നതിനു സർക്കാർ ഉടമയിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് ഈ രാജ്യത്തു നിലവിലുള്ളതു ;

† Appendix I

LIBRARY ARCHIVES Kerala Legislative Assembly

(ബി) അതിൽ പാപ്പനംകോട്ട് സ്ഥാപിച്ചിരിക്കുന്ന കലണ്ടറിങ്ങ് പ്ലാൻറിനു് ആകെ എത്ര രൂപാ ചിലവായിട്ടുണ്ടു് ;

(സി) അതിന്റെ പ്രവർത്തനം പുനരുദ്ധരിക്കാൻ എന്തെങ്കിലും നടപടി അടിയന്തിരമായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അതു് എന്തെന്നു പറയുമോ ?

വ്യവസായ മന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) കൈത്തറി ഉൽപ്പന്നങ്ങൾ സ്റ്റാൻറാർഡൈസ് ചെയ്യുന്നതിനു് സർക്കാർ ഉടമയിൽ സ്ഥാപനങ്ങൾ ഒന്നും ഇല്ല. തുണികൾ പ്രോസസ് ചെയ്യുന്നതിനു് പാപ്പനംകോട്ടുള്ള ബ്ലീച്ചിംഗ് ആൻറ് കലണ്ടറിംഗ് ഫാക്ടറി പ്രവർത്തിക്കുന്നുണ്ടു്.

(ബി) 10.4 ലക്ഷം രൂപ ചെലവായിട്ടുണ്ടു്.

(സി) ഉണ്ടു്.

കേരളാസ്റ്റേറ്റു് ചെറുകിട വ്യവസായ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ബ്ലീച്ചിംങ്ങു് ആൻറു് കലണ്ടറിംങ്ങു് പ്ലാൻറിനോടനുബന്ധിച്ചു് വാഷിംങ്ങു് ആൻറു് സൈസിങ്ങു് പ്ലാൻറു് സ്ഥാപിക്കുന്നതിന്റെ ജോലി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ 49 പവ്വർലൂമുകൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടു്. പ്രസ്തുത തറികളിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന തുണികൾ ഈ ഫാക്ടറിയിൽത്തന്നെ പ്രോസസ് ചെയ്യാവുന്നതാണു്. ഈ സ്ഥാപനത്തിന്റെ നടത്തിപ്പിലേക്കു് പ്രത്യേകമായിതന്നെ ഒരു സ്ഥാപനം പ്രവർത്തിപ്പിക്കാൻ പരിപാടിയുണ്ടു്. വാഷിങ്ങു് ആൻറു് സൈസിങ്ങു് പ്ലാൻറിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന 'സൈസ്ഡ് വാർപ്പ്സ്' സഹകരണമേഖലയിലുള്ള പവ്വർലൂം ഫാക്ടറികളുടെ ആവശ്യത്തിലേക്കായി വിനിയോഗിക്കാനും സഹകരണമേഖലയിൽ അതു് ഉപയോഗിച്ചുണ്ടാക്കുന്ന തുണികൾ ഫാക്ടറിയിൽനിന്നും പ്രോസസ് ചെയ്യുവാനും ഈ പദ്ധതി ഉപകരിക്കുന്നതാണു്.

മണലിഷ്ടിക ഫാക്ടറികൾ

* 43. [104] ശ്രീ. വി. വി. ദക്ഷിണാമൂർത്തി :
ശ്രീ. കെ. ചാത്തുണ്ണി മാസ്റ്റർ :
ശ്രീ. വി. എസ്. അച്യുതാനന്ദൻ :
ശ്രീ. എസ്. ദാമോദരൻ :
ശ്രീ. പാലൊളി മുഹമ്മദുകുട്ടി :
താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായ മന്ത്രി സദയം മറുപടി നൽകുമോ :

(എ) വികസന സാദ്ധ്യതകളുള്ള മണലിഷ്ടിക ഫാക്ടറികൾ കേരളത്തിന്റെ വിവിധഭാഗങ്ങളിൽ തുടങ്ങുന്നതിനു് ഗവണ്മെൻറു് തയ്യാറാകുമോ ;

(ബി) ചേർത്തല മണലിഷ്ടിക ഫാക്ടറിയുടെ പ്രവർത്തനം ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറിന്റെ അവഗണനമൂലം നടപ്പിൽ വരാതിരിക്കുന്നു എന്ന പരാതി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കാർഷികപുരോഗതിയെക്കൂടി കണക്കിലെടുത്തു് പ്രസ്തുത ഫാക്ടറിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനു് ഗവണ്മെൻറു് തയ്യാറാകുമോ ?

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്)

(എ) ഉദ്ദേശിക്കുന്നില്ല.

(ബി) ഇല്ല.

(സി) ഫാക്ടറിയുടെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ടു്

LIBRARY ARCHIVES Kerala Legislative Assembly